പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

ചോദ്യം നമ്പർ : 2943 | 22.6.2012-ലെ മറുപടിക്ക്

## ആലപ്പുഴ നഗരസഭ സെക്രട്ടറിയെ നിയമിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.സുധാകരൻ | മഞ്ഞളാംകുഴി അലി (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ആലപ്പുഴ നഗരസഭാ സെക്രട്ടറിയുടെ തസ്തിക എത്രകാലമായി ഒഴിഞ്ഞു കിടക്കുന്നുവെന്ന് അറിയിക്കുമോ; | (എ) ആലപ്പുഴ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി.എ.എസ്.അനുജ 15.3.2012-ലെ ജി.ഒ.(ആർ.ടി.) 766/12/തസ്വഭവ. ഉത്തരവ് പ്രകാരം കുടുംബശ്രീയിൽ ഡെപ്യൂട്ടേഷൻ നിയമനം ലഭിച്ചതിനെ തുടർന്ന് സെക്രട്ടറി സ്ഥാനത്തു നിന്നും വിടുതൽ ചെയ്തിരുന്നു. തുടർന്ന് സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല സെക്രട്ടറിയുടെ പി.എയ്ക്ക് നൽകുകയും ടിയാൾ 31.5.2012-ൽ വിരമിച്ചതിനെ തുടർന്ന് സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല റവന്യൂ ഓഫീസർക്ക് നൽകുകയുമുണ്ടായി. |
| (ബി) എങ്കിൽ അവിടെ അടിയന്തിരമായി നഗരസഭാ സെക്രട്ടറിയെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ? | (ബി) 14.6.2012-ൽ സർക്കാർ ആലപ്പുഴ നഗരസഭയിൽ സെക്രട്ടറിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ